**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 244** **08-08-2023 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (എ) | കുണ്ടറ മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. CHC നെടുമ്പനയെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് 37.5 ലക്ഷം രൂപ ഭരണാനുമതിയിൽ OPD നവീകരണങ്ങൾ, പ്രത്യേകിച്ച് ലാബ് വെയ്റ്റിംഗ് ഏരിയ നിർമ്മാണം നടന്നു വരുന്നു. HLL എന്ന ഏജൻസിയാണ് പ്രസ്തുത പ്രവർത്തിയുടെ മേൽനോട്ടം നടത്തുന്നത്.<br><br>2. PHC കൊറ്റങ്കരയെ ഫാമിലി ഹെൽത്ത് സെൻറർ ആക്കുന്നതിന് 15.5 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത പ്രവർത്തിയുടെ DPR, HLL എന്ന ഏജൻസി തയ്യാറായിക്കിവരുന്നു.<br><br>3. ഇളമ്പല്ലൂർ പ്രാഥമികാകരോഗ്യ കേന്ദ്രം, കൊട്ടങ്കര പ്രാഥമികാരോഗ്യ കേന്ദ്രം, നെടുമ്പന സാമൂഹികാരോഗ്യകേന്ദ്രം, പേരയം പ്രാഥമികാരോഗ്യ കേന്ദ്രം, പെരിനാട് പ്രാഥമികാരോഗ്യ കേന്ദ്രം, തൃക്കോവിൽവട്ടം പ്രാഥമികാരോഗ്യ കേന്ദ്രം തുടങ്ങിയ ആരോഗ്യ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന സബ് സെന്ററുകളിൽ സ്വന്തമായി കെട്ടിടമുള്ള ആരോഗ്യ സ്ഥാപനങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>4. കുണ്ടറ താലൂക്ക് ആശുപത്രിയിലെ കിഫ്ബി നിർമ്മാണ പ്രവർത്തിയ്ക്ക് 35.56 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി ആണ് എസ്.പി.വി. ഏഴുനില കെട്ടിടത്തിന്റെ സ്ട്രക്ചർ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള പ്രവർത്തികൾ നടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ